## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 4520 | 25/06/2019 ൽ മറുപടിയ്ക്ക്

### സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി | | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്ത് സി.ബി.എസ്.ഇ. സ്കൂളുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണമെന്നും ഏതൊക്കെയെന്നും വിശദമാക്കാമോ; | (എ) | സി.ബി.എസ്.ഇ. അഫിലിയേഷൻ ലഭിക്കുന്നതിന് വേണ്ടി രണ്ട് സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ എൻ.ഒ.സി നല്കിയിട്ടുണ്ട്. തൃശ്ശൂർ പുല്ലുവഴിയിലുള്ള ലിറ്റിൽ ക്യൂൻ പബ്ളിക് സ്കൂൾ, തിരുവല്ല കവിയൂർ കൊറ്റുരുള്ള മാർതോമ സെൻട്രൽ സ്കൂൾ എന്നിവയ്ക്കാണ് എൻ.ഒ. സി. നല്കിയിട്ടുള്ളത്. |
| (ബി) | സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ., സ്കൂളുകൾക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം നൽകുന്നതിനും, സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ., അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി നൽകുന്നതിനുമായി അതാത് സമയങ്ങളിൽ സർക്കാർ ഉത്തരവിലൂടെ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. നിലവിൽ, 01/03/2019 ലെ സ.ഉ. (കൈ) നം. 22/2019/G.Edn പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ